**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4307** **28-10-2021 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ KSEB Ltd. ന്റെ തനത് പദ്ധതിയായ ദ്യുതി 2021, കേരള സർക്കാരിന്റെ പദ്ധതികളായ നിലാവ്, ഫിലമെന്റ് രഹിത കേരളം, അങ്കണവാടി വൈദ്യുതീകരണം, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പണം വകയിരുത്തികൊണ്ടുള്ള സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവ നിലവിൽ നടന്നുവരുന്നു. ദ്യുതി പദ്ധതിയിൽപ്പെടുത്തി പുതിയ 11 kV OH ലൈനുകൾ, 11 kV ABC ലൈനുകൾ, LT OH ലൈനുകൾ, LT ABC ലൈനുകൾ തുടങ്ങിയവയുടെ നിർമ്മാണം; ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കി വരുന്നു. കൂടാതെ ചങ്ങനാശ്ശേരി മണ്ഡലത്തിൽ, കെ. എസ്. ഇ.ബി ചങ്ങനാശ്ശേരി 66 കെ.വി സബ്സ്റ്റേഷനും അനുബന്ധ ലൈനും 110 കെ.വി നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തിയാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിക്ക് 44.05 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ടെൻഡർ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ടി പദ്ധതി 2023-24 കാലയളവിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ചങ്ങനാശ്ശേരി മണ്ഡലത്തിന്റെ പരിസരങ്ങളിലായി കോട്ടയം ജില്ലയിൽ താഴെ സൂചിപ്പിക്കുന്ന സ്ഥലങ്ങളിൽ ഇലക്ട്രിക്കൽ വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 1. കോട്ടയം ഈസ്റ്റ് സെക്ഷൻ 2. പള്ളം, TMR ഡിവിഷൻ പരിസരം 3. ഗാന്ധിനഗർ സെക്ഷൻ, കോട്ടയം |
| (ബി) | ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വ്യക്തമാക്കുമോ? | (ബി) | 1. ദ്യുതി പദ്ധതിയിൽപ്പെടുത്തി 710.36 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് 2021-22 - ൽ വകയിരുത്തിയിരിക്കുന്നത്. ഇതിൽ 146.17 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇതിനോടകം തന്നെ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. 564.19 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു. 2. "നിലാവ്" പദ്ധതിയിൽ ഇതിനോടകം 2175 LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചു. രണ്ടാം ഘട്ടമായി 3782 LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. 3. "ഫിലമെന്റ് രഹിത കേരളം" പദ്ധതിയിൽ 18,306 LED ബൾബുകളുടെ വിതരണം നടന്നുവരുന്നു. 4. കേരള സർക്കാരിന്റെ 100 ദിന പദ്ധതിയിൽപ്പെടുത്തി 15980 രൂപ ചെലവിൽ 8 അംഗൻവാടികൾക്ക് പുതിയ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 5. സ്വയംഭരണസ്ഥാപനങ്ങളുടെ പണം വകയിരുത്തികൊണ്ടുള്ള സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ, സ്ട്രീറ്റ് ലൈറ്റിനായി പുതിയ ലൈൻ വലിക്കൽ, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈറ്റ് മീറ്ററിങ് എന്നീ പ്രവൃത്തികൾക്കായി 5,45,053 രൂപ അനുവദി ക്കുകയും പണം ഒടുക്കിയ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സൗര പുരപ്പുറ പദ്ധതിയുടെ ഭാഗമായി സൗര ഒന്നാംഘട്ട പദ്ധതിയിൽ നാലു ഉപഭോക്താക്കൾക്ക് നിലയം സ്ഥാപിക്കാനുള്ള വർക്ക് ഓർഡർ നൽകി (15KW). മൂന്ന് നിലയങ്ങളുടെ പണി പൂർത്തിയായി (13 kwp). മൂന്ന് നിലയങ്ങൾ കമ്മീഷൻ ചെയ്തു (10KW). ഫേസ് I സബ്സിഡി സ്കീമിൽ 22 ഉപഭോക്താക്കൾക്ക് വർക്ക് ഓർഡർ നൽകി (95.4KW) അടങ്കൽ തുക 6,95,500/- . |

സെക്ഷൻ ഓഫീസർ